# ൯൮. ശമിപ്പാൻ നിലത്തിൻ ദാഹം

*(1st tune)*

Even me - 8.7.8.7.6.7. W. B. Bradbury




2 കടന്നുപോകല്ലേ താതാ
എൻ ഹൃത്തൊ പാപം തന്നെ
എന്നെ നീ വെടികിലും നിൻ
കാരുണ്യം വർഷിക്കെന്മേൽ.
എൻമേലും എൻമേലും
കാരുണ്യം വർഷിക്കെന്മേൽ

3 കൈവിടല്ലേ, നൽരക്ഷകാ,
നിന്നെ ഞാൻ സ്നേഹിക്കട്ടെ
നിൻ കൃപയ്ക്കായ് വാഞ്ഛിക്കുന്നേൻ
ക്ഷണിക്കെന്നെയും കൂടെ.
എന്നെയും എന്നെയും
ക്ഷണിക്കെന്നെയും കൂടെ.

4 കൈവിടല്ലേ, ദൈവാത്മാവേ
പൊട്ടക്കൺ തുറക്കും നീ
യേശുവിന്നു സാക്ഷി നീ താൻ
ശക്തിയേറും വാക്കു ചൊൽ.
എന്നോടും എന്നോടും
ശക്തിയേറും വാക്കു ചൊൽ.

5 ദൈവസ്നേഹം ശുദ്ധം നിത്യം
ക്രിസ്തുരക്തം ധാരാളം
ദൈവകൃപ എത്ര ശക്തി
വർദ്ധിപ്പിക്കെന്നിൽ ഇവ
എന്നിലും എന്നിലും
വർദ്ധിപ്പിക്കെന്നിൽ ഇവ.

6 കൈവിടല്ലെന്നെ തിരിച്ചു
ചേർക്കുകെൻ ചിത്തം നിന്നിൽ
ജീവന്നുറവൊഴുക്കുമ്പോൾ
ആശീർവ്വദിക്കെന്നെയും.
എന്നെയും എന്നെയും
ആശീർവ്വദിക്കെന്നെയും